(ബി) എങ്കിൽ അതെന്താണ്;

(സി) വളർത്തു നായ്ക്കൾക്ക് പേയ് വിഷബാധയ്ക്കെതിരെ കുത്തിവയ്പു നടത്തുന്നതിനാവശ്യമായ ഫലപ്രദമായ മരുന്നുകൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ലഭ്യമാക്കാനും അവ കേടു കൂടാതെ സൂക്ഷിക്കുന്നതിനും വേണ്ട സംവിധാനമുണ്ടാക്കുമോ;

(ഡി) വളർത്തുനായ്ക്കളെ നിർബന്ധമായും പ്രതിരോധകുത്തിവയ്പിനു വിധേയമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറ്റമായി സംഘടിപ്പിച്ച് വളർത്തുന്ന നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് മൃഗസംരക്ഷണ വകുപ്പ് നടത്തുന്നുണ്ട്. കഴിഞ്ഞ വർഷത്തിൽ 37313 നായ്ക്കൾക്ക് പേയ് വിഷബാധയ്ക്കെതിരായി കുത്തിവയ്പു നടത്തിയിട്ടുണ്ട്. വളർത്തു നായ്ക്കൾക്ക് പേയ് വിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പു നടത്തുന്നതിന് എല്ലാ ജില്ലയിലും ആവശ്യമായ സംവിധാനം ഉണ്ട്. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുമൂലം ആവശ്യമുള്ളത്ര മരുന്ന് സംഭരിച്ച് സൂക്ഷിക്കുവാൻ പ്രയാസം നേരിടുന്നുണ്ട്.

(സി, ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ എല്ലാ വളർത്തു നായ്ക്കളേയും നിർബന്ധമായും കുത്തിവയ്ക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

കല്ലട ജലസേചന പദ്ധതിയുടെ ജലസംഭരണ മേഖലയിൽ നിന്നിരുന്ന തടി

49 [83] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കല്ലട ജലസേചന പദ്ധതിയുടെ ജലസംഭരണ മേഖലയിൽ നിന്നിരുന്ന തടി വെട്ടിമാറ്റാൻ കരാർ കൊടുത്തിരുന്നോ;

(ബി) കരാർ അനുസരിച്ച് തടി വെട്ടി മാറ്റുന്നതിനു മുമ്പായി ജലസംഭരണിയിൽ വെള്ളം നിറച്ചതുകാരണം ഗവൺമെന്റിന് ഈ ഇനത്തിൽ എന്തുമാത്രം നഷ്ടം സംഭവിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) നിശ്ചിത സമയത്തിനുമുമ്പ് ജലസംഭരണിയിൽ വെള്ളം നിറച്ചതുകാരണം തടിവെട്ടിമാറ്റാൻ സാധിക്കാതെ പോയെന്നും ആയതിനാൽ നഷ്ടപരിഹാരം നൽകണമെന്നും കോൺട്രാക്ടർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അവസാനമായി ശേഷിച്ചിരുന്ന നിക്ഷിപ്ത വനഭാഗങ്ങൾക്കായി ഒരു കരാർ കൊടുത്തിരുന്നു.

(ബി) നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല.

(സി) നിശ്ചിത സമയത്തിനുമുമ്പായി ജലസംഭരണിയിൽ ജലം നിറച്ചതായി അറിയാൻ കഴിഞ്ഞിട്ടില്ല. ലേലം ചെയ്തു വിറ്റ തടികൾ കരാർ കാലാവധിക്കുള്ളിൽ വെട്ടിമാറ്റാൻ സാധിക്കാതെപോയെന്നും ആയതിന് നഷ്ടപരിഹാരം നൽകണമെന്നും കോൺട്രാക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly